LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദവിവരം അനുബന്ധം 1 ആയിചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വികസനത്തിനായി നടപ്പിലാക്കിയ അടിസ്ഥാന വികസന പദ്ധതികളുടെ ചെലവിനത്തിൽ ഓരോവർഷവും ചെലവഴിച്ച തുക താഴെ ചേർത്തിരിക്കുന്നു.

2011-12 -	125,03,07,073	രൂപ
2012-13 -	111,93,61,901	,,
2013-14 -	141,01,76,784	,,
2014-15 -	152,77,99,442	,,

(സി) വിനോദസഞ്ചാര വികസനത്തിനായി ഈ സർക്കാർ പുതിയതായി ഭരണാനുമതി നൽകിയ പദ്ധതികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

മിഷൻ 676- ൽ ഉൾപ്പെടുത്തി വിനോദസഞ്ചാര മേഖലയിൽ പദ്ധതികൾ

350 (1016) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി വിനോദസഞ്ചാര മേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻവഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി)

1. ഗോഡ്സ് ഓൺ കൺട്രി- പീപ്പിൾസ് ഓൺ ടൂറിസം
2. ഹോപ്പ് ഓൺ ഹോപ്പ് ഓഫ് ആന്റ് വാട്ടർ ടാക്സി ബോട്ട് സർവ്വീസ്
3. ഭിന്നശേഷിയുള്ള വിനോദസഞ്ചാരികൾക്ക് വേണ്ടി വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ സൗഹൃദ പശ്ചാത്തലമൊരുക്കൽ
4. സ്പൈസ് റൂട്ട് പദ്ധതി
5. വിസ ഓൺ അറൈവൽ
6. കോവളം ക്രാഫ്റ്റ് വില്ലേജ് പൂർത്തിയാക്കൽ.

(സി) പ്രസ്തുത പദ്ധതികളിൽ ഹോപ്പ് ഓൺ ഹോപ്പ് ഓഫ് സർവ്വീസ് ആരംഭിച്ചുകഴിഞ്ഞു. സ്പൈസ് റൂട്ട് പദ്ധതിക്കുവേണ്ടി UNESCO-യുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. കേരള ക്രാഫ്റ്റ് വില്ലേജിന്റെ നവീകരിണത്തിന് 4.5 കോടി രൂപയും 2.5 കോടി രൂപയും രണ്ട് പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി അന്തിമഘട്ടത്തിലാണ്. തിരുവനന്തപുരം, കൊച്ചി രാജ്യാന്തര വിമാനത്താവളങ്ങളിൽ ഉൾപ്പെടെ ഇന്ത്യയിൽ എട്ട് വിമാനത്താവളങ്ങളിൽ വിസ ഓൺ അറൈവൽ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. രണ്ട് വിമാനത്താവളങ്ങളിൽ ഈ സൗകര്യം ഏർപ്പെടുത്തുന്ന ഏക സംസ്ഥാനം കേരളമാണെന്ന പ്രത്യേകതയുമുണ്ട്. ടൂറിസം വകുപ്പ് ഏറ്റെടുക്കുന്ന Infrastructure Project -കളിൽ ഭിന്നശേഷിക്കാർക്കായി പ്രത്യേക പരിഗണന നൽകിവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 972 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)